"ഭരണഭാഷ - മാതൃഭാഷ"

DGE/11778/2023-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 01-10-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -ഒന്ന് മുതൽ പത്തു വരെ ക്ലാസുകളിലെ പട്ടികവർഗ വിഭാഗം കുട്ടികളുടെ സ്കൂളിലെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

സൂചന :- 1. ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.07.2025 ന് നടത്തിയ യോഗ തീരുമാനം.

2. പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് രൂപീകരിക്കപ്പെട്ട സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.08.2025 ലെ യോഗ തീരുമാനം.

3. കൈറ്റ് സി.ഇ.ഒ യുടെ 19.09.2025 ലെ KITE/2025/ 1421(24) നമ്പർ കത്ത്.

*****

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികളുടെ പഠനവും വ്യക്തിഗത ശ്രദ്ധയും ഉറപ്പാക്കുന്നതിന് പ്രത്യേക പ്രവർത്തനങ്ങൾ നടപ്പാക്കാൻ സൂചന യോഗങ്ങളിൽ തീരുമാനിച്ചിട്ടുണ്ട്. അതിനായി സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികളുടെ ഹാജർ വിശദാംശങ്ങൾ 'സമ്പൂർണപ്ലസ്' പോർട്ടലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സജ്ജമാക്കിയ 'സമ്പൂർണപ്ലസ്' മൊബൈൽ ആപ്പ്, പോർട്ടൽ (https://sampoorna.kite.kerala.gov.in:446/plus) എന്നിവയിൽ സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളുടേയും ഹാജർനില, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കൾക്ക് മെസേജ് അയയ്ക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇത് എല്ലാ സ്കൂളുകളും പ്രയോജനപ്പെടുത്തേണ്ടതാണ്.
- സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികളുടെ ഹാജർ വിവരം ക്ലാസ് അധ്യാപകർ 'സമ്പൂർണപ്ലസ്' മൊബൈൽ ആപ്പ്-ലോ, പോർട്ടലിലോ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും

പ്രഥമാധ്യാപകർ അത് ഉറപ്പുവരുത്തേണ്ടതുമാണ്.

- ഈ അധ്യയന വർഷം (2025-26) ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പട്ടികവർഗ വിഭാഗം കുട്ടികൾ ഹാജരാകാതിരുന്ന ആകെ ദിവസങ്ങളും 2025 ഒക്ടോബർ 3 മുതൽ ഓരോ ദിവസവും സ്കൂളിൽ ഹാജരാകുന്ന കുട്ടികളുടെ വിവരവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- സ്കൂളിലെ എല്ലാ കുട്ടികളുടേയും ഹാജർ വിവരം 'സമ്പൂർണപ്ലസ്'ൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ പട്ടികവർഗ വിഭാഗം കുട്ടികളുടെ ഹാജർ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതില്ല.
- ഓരോ സ്കൂളിലേയും എല്ലാ കുട്ടികളും സ്കൂളിൽ കൃത്യമായി ഹാജരാകുന്നുണ്ടെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകരും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

'സമ്പൂർണപ്ലസ്' മൊബൈൽ ആപ്പ്, പോർട്ടൽ എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദേശങ്ങളും യൂസർ മാന്വലും കൈറ്റ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

Signed by
Umesh N S K
Date: 01-10-2025 22:47:44

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്